# കാറ്റഗറി നമ്പർ : 709/2021
## രണ്ടാം എൻ.സി.എ. വിജ്ഞാപനം

താഴെ പറയുന്ന തസ്തികയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്നതിന് കേരള സംസ്ഥാനത്തിലെ യോഗ്യതയുള്ള പട്ടികവർഗ്ഗ സംവരണ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷകൾ ഓൺലൈനായി മാത്രം `ഒറ്റത്തവണ രജിസ്ട്രേഷൻ' വഴി ക്ഷണിക്കുന്നു.

| | | | |
|---|---|---|---|
| 1. | വകുപ്പ് | : | വിദ്യാഭ്യാസം |
| 2. | ഉദ്യോഗപ്പേര് | : | പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (ഉറുദു) |
| 3. | ശമ്പളം | : | ₹ 18000 –41500/– (പരിഷ്കരണത്തിന് മുൻപ് ) |
| 4. | ഒഴിവുകളുടെ എണ്ണം | : | ജില്ലാടിസ്ഥാനത്തിൽ<br>**പട്ടികവർഗ്ഗം – വയനാട് – 01 (ഒന്ന്)** |

(15/12/2020 തീയതിയിലെ ഗസറ്റിൽ കാറ്റഗറി നമ്പർ 369/2020 ആയി വിജ്ഞാപനം (ഒന്നാം NCA) ചെയ്ത തസ്തികയിലേക്ക് യോഗ്യരായ ഉദ്യോഗാർത്ഥികളെ ലഭ്യമാകാത്തതിനാലുള്ള രണ്ടാം NCA വിജ്ഞാപനം)

കുറിപ്പ്: (i) അപേക്ഷകൾ ഒറ്റത്തവണ രജിസ്ട്രേഷൻ വഴി ഓൺലൈനായി മാത്രം സമർപ്പിക്കേണ്ടതാണ്. ഓൺലൈനിലൂടെ അല്ലാതെയുള്ള അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. ഓൺലൈൻ അപേക്ഷകൾ www.keralapsc.gov.in –ൽ ലഭ്യമാണ്.

(ii) ഈ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സംവരണ സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരറിയിപ്പും കൂടാതെ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്കു നിരസന മെമ്മോ അയയ്ക്കുന്നതല്ല.

(iii) ഈ വിജ്ഞാപനപ്രകാരം വയനാട് ജില്ലയിലേയ്ക്ക് പ്രത്യേകം റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. ഇപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് പട്ടികയുടെ കാലാവധി റാങ്ക് പട്ടിക നിലവിൽ വരുന്ന തീയതി മുതൽ മൂന്ന് വർഷം വരേയോ ഈ തസ്തികയ്ക്ക് താഴെപ്പറയുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായത്തിനായി നീക്കിവച്ചിട്ടുള്ള ഒഴിവുകളിൽ ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാത്ത ഒഴിവുകളിലേയ്ക്ക്, ഉദ്യോഗാർത്ഥികളെ നിയമനശിപാർശ ചെയ്ത് നിയമനം നടത്തുന്നതു വരേയോ ഏതാണോ ആദ്യം അത് വരെ നിലവിലിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| വയനാട് | 30/11/16 | 537/2013 |

(iv) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971–ലെ ഗവൺമെന്റ് ഓർഡർ (എം.എസ്) നമ്പർ 154/71/പി.ഡി.യിലെ പ്രത്യേക വ്യവസ്ഥകൾക്ക് അനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചു വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961–ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 04/61/പി.ഡി.യിലെ വ്യവസ്ഥകൾക്കു വിധേയമായിരിക്കുന്നതാണ്. എന്നാൽ 16/02/1996 –ലെ ജി. ഒ (പി)12/96/പി ആൻഡ് എ ആർ ഡി ഉത്തരവ് പ്രകാരം ഇടുക്കി, കാസർഗോഡ്,വയനാട് ജില്ലകളിലേക്ക് സ്ഥലം മാറ്റം ലഭിക്കുന്നതിന് അഞ്ച് വർഷത്തെ സർവ്വീസ് ഉണ്ടായിരിക്കണമെന്ന നിബന്ധന ബാധകമല്ല. ഈ ആനുകൂല്യം അവരുടെ ഔദ്യോഗിക കാലാവധിയിൽ ഒരു പ്രാവശ്യം മാത്രമേ ലഭിക്കുകയുള്ളൂ.എന്നാൽ മേൽപ്പറഞ്ഞ ജില്ലകളിൽ നിന്നും മറ്റ് ജില്ലകളിലേക്ക് സ്ഥലം മാറ്റം ലഭിക്കുന്നതിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല.ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിൽ ഏതെങ്കിലും ഒരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഈ വിജ്ഞാപനപ്രകാരം അപേക്ഷകൾ സമർപ്പിക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

(v) ഉദ്യോഗാർത്ഥികൾ തങ്ങളുടെ സംവരണ സമുദായ ഒഴിവ് രേഖപ്പെടുത്തിയിട്ടുള്ള വയനാട് ജില്ലയിലേക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും,ജില്ലയുടെ പേര് അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്.

(vi) SSLC ബുക്കിലെ ജാതി/സമുദായം സംബന്ധിച്ച രേഖപ്പെടുത്തലുകളിൽ വ്യത്യാസം ഉണ്ടാകുന്ന സാഹചര്യത്തിൽ, ഉദ്യോഗാർത്ഥികൾ ശരിയായ ജാതി/സമുദായം അപേക്ഷയിൽ അവകാശപ്പെടുകയും ആയത് തെളിയിക്കുന്നതിനുള്ള റവന്യൂ അധികാരികൾ നൽകുന്ന ജാതി സർട്ടിഫിക്കറ്റ്/നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ്, ഇത് സംബന്ധിച്ച ഗസറ്റ് വിജ്ഞാപനം എന്നിവ ബന്ധപ്പെട്ട തസ്തികയിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന്റെ OTR വെരിഫിക്കേഷൻ സമയത്തോ കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്തോ ഹാജരാക്കേണ്ടതുമാണ്

5. നിയമന രീതി : നേരിട്ടുള്ള നിയമനം. (മേൽപ്പറഞ്ഞ സംവരണ സമുദായത്തിൽപെട്ട യോഗ്യരായ ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

6. **പ്രായപരിധി** : 18–45. പട്ടികവർഗ്ഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ 02.01.1976 നും 01.01.2003 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ) [പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 (i) പ്രകാരമുള്ള ആനുകൂല്യം ഉൾപ്പെടെ].

<u>കുറിപ്പ് :-</u> യാതൊരുകാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് 2 ലെ പൊതുവ്യവസ്ഥകൾ (ഖണ്ഡിക 2(i) ഒഴികെ)

7. **യോഗ്യതകൾ :-**

1 എസ് എസ് എൽ സി അല്ലെങ്കിൽ തത്തുല്യമായ യോഗ്യത.

2 കേരളത്തിലെ സർവ്വകലാശാലകൾ നല്കുന്നതോ അംഗീകരിച്ചിട്ടുള്ളതോ ആയ ഉറുദു ഭാഷയിലുള്ള ബിരുദം.

അല്ലെങ്കിൽ

കേരളത്തിലെ സർവ്വകലാശാലകൾ നല്കുന്നതോ അംഗീകരിച്ചിട്ടുള്ളതോ ആയപൗരസ്ത്യ ഭാഷ (ഉറുദു) പഠനത്തിനുള്ള ടൈറ്റിൽ.

അല്ലെങ്കിൽ

കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാല നടത്തുന്ന ആഡിബ് -ഐ- ഫാസിൽ (പ്രിലിമിനറി )(ഉറുദു)പരീക്ഷ പാസ്സായിരിക്കണം.

അല്ലെങ്കിൽ

കേരളാ ഗവൺമെൻറ് പരീക്ഷാ കമ്മീഷണർനടത്തുന്ന ഉറുദു ഹയർ പരീക്ഷ പാസ്സായിരിക്കണം.

അല്ലെങ്കിൽ

കണ്ണൂർ യൂണിവേഴ്സിറ്റി നൽകുന്ന ബി എ ഉറുദു ആൻഡ് ഇസ്ലാമിക ഹിസ്റ്ററി ഡബിൾ മെയിൻ ബിരുദം

(സ.(ഉ).(കൈ)നം.158/2018/പൊ.വി.വ തീയതി 12/11/2018).

3 കേരള സർക്കാർ ഈ തസ്തികയ്ക്കായി നടത്തുന്ന കേരള ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് (കെ-ടെറ്റ്) പാസ്സായിരിക്കണം.

<u>**എക്സംപ് ഷൻ**</u> –

1. ബന്ധപ്പെട്ട വിഷയത്തിൽ തന്നെ സിടെറ്റ്/നെറ്റ്/സെറ്റ്/ എം.ഫിൽ/ പി.എച്ച്.ഡി/എം.എഡ് യോഗ്യത നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളെ ടെറ്റ് യോഗ്യത നേടിയിരിക്കണം എന്ന വ്യവസ്ഥയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട് (G.O. (P) No. 145/16/G.Edn. തീയതി 30.08.2016, G.O. (P) No. 206/16/G.Edn. തീയതി 08.12.2016).
2. **പ്രൊബേഷൻ:-** ഈ തസ്തികയിൽ നിയമിക്കപ്പെടുന്നവർ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ തുടർച്ചയായ മൂന്നുവർഷക്കാലയളവിനുള്ളിൽ ഡ്യൂട്ടിയിലുള്ള രണ്ടു വർഷക്കാലം പ്രൊബേഷനിലായിരിക്കുന്നതാണ്.

കുറിപ്പ്: (I) G.O(P) No.15/2020/G.Edn Dated 09/10/2020 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം, K -TET -ന് പകരം നിശ്ചയിച്ചിട്ടുള്ള M.Ed യോഗ്യത ബന്ധപ്പെട്ട വിഷയത്തിലായിരിക്കണമെന്ന് നിഷ്കർഷിക്കേണ്ടതില്ല .

(ii)ബന്ധപ്പെട്ട വിഷയത്തിൽ നേടിയിട്ടുള്ള എം.ഫിൽ യോഗ്യത കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ളതോ കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാല തത്തുല്യമായി അംഗീകരിച്ചതോ ആയിരിക്കണം.

(iii)വിജ്ഞാപനപ്രകാരമുള്ള യോഗ്യതകളുടെ തത്തുല്യ യോഗ്യത അവകാശപ്പെട്ട് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾ ടി യോഗ്യത തെളിയിക്കുന്ന സർക്കാർ ഉത്തരവ് വെരിഫിക്കേഷൻ സമയത്ത് ഹാജരാക്കിയാൽ മാത്രമേ പ്രസ്തുത യോഗ്യത തത്തുല്യമായി പരിഗണിക്കുകയുള്ളൂ.

(iv) KS&SSR Part II Rule 10 a(ii) ഈ തസ്തികയ്ക്ക് ബാധകമായിരിക്കും.

**8. പ്രായപരിധി, നിയമനം ഇവ സംബന്ധിച്ച പ്രത്യേക ആനുകൂല്യങ്ങൾ :**

(i) നിശ്ചിത യോഗ്യതയുള്ള ജവാൻമാരുടെ ഭാര്യമാർക്ക് ഉദ്യോഗ നിയമനക്കാര്യത്തിൽ സാമുദായിക സംവരണ നിയമങ്ങൾക്ക് വിധേയമായി 12/02/1970-ലെ ഗവൺമെന്റ് ഓർഡർ (എം.എസ്) നമ്പർ 50/70/പി.ഡി., 21.01.1978-ലെ ജി.ഒ (എം.എസ്.) നമ്പർ 9/78/ജി.എഡ്യൂ. എന്നിവ അനുസരിച്ച് മുൻഗണന നൽകുന്നതാണ്. അങ്ങനെയുള്ളവർ ഭർത്താവിന്റെ പേര്, മിലിട്ടറി റാങ്ക്, മിലിട്ടറി അഡ്രസ് മുതലായ സൈനിക സേവനവിവരങ്ങൾ ഉൾപ്പെടുന്ന സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട കമാന്റിംഗ് ആഫീസറുടെ പക്കൽ നിന്നും നേടിയത് കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. സേവന രംഗത്തുള്ള പട്ടാളക്കാരെയും ബേസ് എസ്റ്റാബ്ളിഷ് മെന്റിൽ പ്രവർത്തിക്കുന്നവരെയുമാണ് ജവാൻമാരുടെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. [ജി.ഒ (എം.എസ്.) നമ്പർ 509/64/എഡ്യൂ. തീയതി 19/09/1964, ജി.ഒ (എം.എസ്.) നമ്പർ 614/65/എഡ്യൂ. തീയതി 09/11/1965, ജി.ഒ (എം.എസ്.) നമ്പർ 243/66/ എഡ്യൂ. തീയതി 27/05/1966] ഈ വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികൾ "താങ്കൾക്ക് ഏതെങ്കിലും രീതിയിലുള്ള മുൻഗണന ലഭിക്കുവാൻ അർഹതയുണ്ടോ" എന്നതിന് 'ഉണ്ട്' എന്ന് തെരഞ്ഞെടുക്കുകയും മുൻഗണന സംബന്ധിച്ച വിശദാംശങ്ങൾ തുടർന്ന് രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

(ii) ഫസ്റ്റ് ക്ലാസ് സ്കൗട്ട്സിലും ഗൈഡ്സിലും പെട്ടവർക്ക് നിയമനക്കാര്യത്തിൽ മുൻഗണന നൽകുന്നതാണ്. (ജി.ഒ (എം.എസ്.) 122/75/ജനറൽ എഡ്യൂക്കേഷൻ തീയതി 27/05/1975, ജിഒ (എം.എസ്) നമ്പർ 50/70/പിഡി തീയതി 12.2.1970).

കുറിപ്പ് :- മേൽപ്പറഞ്ഞ മുൻഗണനകൾക്കോ, ഉയർന്ന പ്രായ പരിധിയിലുള്ള ഇളവുകൾക്കോ, താഴെ പൊതുവ്യവസ്ഥകളിൽ രണ്ടാം ഖണ്ഡികയിൽ പറയുന്ന ഏതെങ്കിലും കാരണങ്ങളാൽ ഉയർന്ന പ്രായപരിധിയിൽ നിന്നും ഒഴിവാക്കപ്പെടുന്നതിനോ അർഹതയുള്ള ഉദ്യോഗാർത്ഥികൾ ആ വിവരം വൺ ടൈം രജിസ്ട്രേഷൻ പ്രൊഫൈലിലെ "വെയിറ്റേജ് ആന്റ് പ്രിഫറൻസസ്" ലിങ്ക് വഴി അവകാശപ്പെടേണ്ടതും വിശദാംശങ്ങൾ അതിനായി നൽകിയിട്ടുള്ള സ്ഥലത്ത് രേഖപ്പെടുത്തേണ്ടതുമാണ്. ഉയർന്ന പ്രായപരിധിയിലുള്ള ഇളവുകൾക്ക് അർഹതയുള്ള ഉദ്യോഗാർത്ഥികൾ ആയത് അവകാശപ്പെടാത്ത പക്ഷം പ്രായപരിധി കഴിഞ്ഞു എന്ന കാരണത്താൽ അപേക്ഷ നിരസിക്കപ്പെടാൻ ഇടയുണ്ട്. യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 വയസ്സ് കവിയാൻ പാടില്ലാത്തതാകുന്നു. (പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 കാണുക).

**9. അപേക്ഷ സമർപ്പിക്കേണ്ട രീതി :-**

ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapsc.gov.in വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ 'പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ user ID യും password ഉം ഉപയോഗിച്ച് login ചെയ്ത ശേഷം സ്വന്തം profile-ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link ലെ 'Apply Now' ൽ മാത്രം click ചെയ്യേണ്ടതാണ്. Upload ചെയ്യുന്ന ഫോട്ടോ 31/12/2011-ന് ശേഷം എടുത്തതായിരിക്കണം. ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും, ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് Upload ചെയ്ത ഫോട്ടോയ്ക്ക് ഫോട്ടോ എടുത്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷാഫീസ് നൽകേണ്ടതില്ല. ആവശ്യമെങ്കിൽ രജിസ്ട്രേഷൻ കാർഡ് link-ൽ click ചെയ്ത് profile-ലെ വിശദാംശങ്ങൾ കാണാവുന്നതും പ്രിന്റ് ഔട്ട് എടുത്ത് സൂക്ഷിക്കാവുന്നതുമാണ്. password രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗതവിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ profile-ൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പ് വരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User ID പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. ആയതിനു ശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ ഒഴിവാക്കുവാനോ കഴിയുകയില്ല. **ഭാവിയിലെ ഉപയോഗത്തിനായി ഉദ്യോഗാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ soft copy/ print out എടുത്ത് സൂക്ഷിക്കേണ്ടതാണ്.ഉദ്യോഗാർത്ഥികൾക്ക് അവരുടെ പ്രൊഫൈലിലെ "My applications" എന്ന Link-ൽ Click ചെയ്ത് Print Out എടുക്കാവുന്നതാണ്.കമ്മീഷനുമായി നടത്തുന്ന കത്തിടപാടുകളിൽ അപേക്ഷയുടെ പ്രിന്റ് ഔട്ട് കൂടെ സമർപ്പിക്കേണ്ടതാണ്.** തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ

വിജ്ഞാപന വ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള പ്രമാണങ്ങളുടെ പകർപ്പുകൾ കമ്മിഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും. **"ആധാർ കാർഡുള്ള ഉദ്യോഗാർത്ഥികൾ തങ്ങളുടെ പ്രൊഫൈലിൽ ആധാർ കാർഡ് തിരിച്ചറിയൽ രേഖയായി നൽകേണ്ടതാണ്."**

10. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി : **02.02.2022** ബുധനാഴ്ച രാത്രി 12.00 മണി വരെ

11. അപേക്ഷ സമർപ്പിക്കേണ്ട മേൽവിലാസം : www.keralapsc.gov.in

12. ഈ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എഴുത്ത് പരീക്ഷ /ഒ.എം.ആർ/ഓൺലൈൻ പരീക്ഷ നടത്തുകയാണെങ്കിൽ പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം (Confirmation) അപേക്ഷകർ തങ്ങളുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നൽകേണ്ടതാണ്. അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം പരീക്ഷാത്തീയതി വരെയുള്ള അവസാനത്തെ 15 ദിനങ്ങളിൽ ലഭ്യമാകുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ സ്ഥിരീകരണം നൽകാത്ത ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്. സ്ഥിരീകരണം നൽകേണ്ടതായ കാലയളവ് സംബന്ധിച്ച തീയതികളെക്കുറിച്ചും അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്ന തീയതി സംബന്ധിച്ചും ഉള്ള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷ ഉൾപ്പെടുന്ന പരീക്ഷാ കലണ്ടറിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലും അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ നമ്പറിലും നൽകുന്നതാണ്. വിദ്യാഭ്യാസം, പരിചയം തുടങ്ങി യോഗ്യത സംബന്ധിച്ച് തെറ്റായ അവകാശവാദം ഉന്നയിച്ച് അപേക്ഷ നൽകിയ ശേഷം പരീക്ഷയ്ക്ക് Confirmation നൽകിയിട്ട് ഹാജരാകുകയോ ഹാജരാകാതിരിക്കുകയോ ചെയ്യുന്ന ഉദ്യോഗാർഥികൾക്കെതിരെ KPSC Rules of Procedue Rule 22 പ്രകാരം ഉചിതമായ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഫോട്ടോ, ID കാർഡ് ഉൾപ്പെടെയുള്ള വിശദ വിവരങ്ങൾക്ക് വിജ്ഞാപനത്തിന്റെ രണ്ടാം ഭാഗത്ത് ചേർത്തിരിക്കുന്ന പൊതുവ്യവസ്ഥകൾ നിർബന്ധമായി വായിച്ച് നോക്കുക).

**സാജു ജോർജ്ജ്**

**സെക്രട്ടറി**

**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**